പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5618 6.7.2012 ലെ മറുപടിക്ക്

## പട്ടികജാതി കോളനികളിലെ റോഡുകളുടെ നവീകരണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ബി.സത്യൻ | | ശ്രീ. എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ)സംസ്ഥാനത്തെ പട്ടികജാതി കോളനികളിലെ റോഡുകൾ നവീകരിക്കുന്നതിനോ നിർമ്മിക്കുന്നതിനോ പദ്ധതികൾ നിലവിലുണ്ടോ ; വ്യക്തമാക്കാമോ; | എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എസ്.സി.പി ഫണ്ടിന്റെ നിശ്ചിത ശതമാനം പശ്ചാത്തല വികസനത്തിനായി വിനിയോഗിക്കാവുന്നതാണ്. കൂടാതെ സമഗ്ര കോളനി വികസന പദ്ധതിയിലുൾപ്പെടുത്തി കോളനിക്കകത്തുള്ള റോഡുവർക്കുകൾ ഏറ്റെടുക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി)പട്ടികജാതി കോളനികളിലെ റോഡുകളുടെ നവീകരണത്തിനായി സമർപ്പിക്കുന്ന പ്രോജക്ടുകൾക്ക് പ്ലാനിംഗ്ബോർഡ് അംഗീകാരം നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ള എസ്.സി.പി ഫണ്ട്, എം.എൽ.എ ഫണ്ട്, എം.പി. ഫണ്ട് എന്നിവ ലഭ്യമായിട്ടുള്ളതിനാൽ റോഡ് വർക്കുകൾക്ക് പ്ലാനിംഗ് ബോർഡ് അനുമതി നൽകിയിട്ടില്ല. |
| (സി)ആറ്റിങ്ങൽ മണ്ഡലത്തിലെ പട്ടികജാതി കോളനികളിലെ റോഡുകളുടെ ശോച്യാവസ്ഥ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | സി) | ഉണ്ട്. |

| | |
|---|---|
| ഡി)ഉണ്ടെങ്കിൽ പ്രസ്തുത റോഡുകൾ നവീകരിക്കുന്നതിന് നടപടി സ്വീകരിക്കാമോ ? | ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ള എസ്.സി.പി. ഫണ്ടുപയോഗിച്ച് പ്രസ്തുത റോഡുകൾ നവീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ